<u>15 -ാം കേരള നിയമസഭ</u>

<u>14 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 233</u> <u>07-10-2025 - ൽ മറുപടിയ്ക്ക്</u>

<u>ഉന്നതി എംപവർമെന്റ് സൊസൈറ്റി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. ഇ കെ വിജയൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ യുവജനങ്ങളെ ആധുനിക കാലത്തെ മികച്ച തൊഴിലുകളിൽ പ്രാവീണ്യമുള്ളവരും സംരംഭകരുമാക്കി മാറ്റേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **ഉണ്ട്.**<br><br>**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾ പൂർത്തിയാക്കിയതോ ഉന്നതവിദ്യാഭ്യാസം നേടിയതോ ആയ യുവതീ യുവാക്കൾക്ക് സ്വന്തമായി സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ടി ഉന്നതി എംപവർമെന്റ് സൊസൈറ്റി കേരള സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് നടപടികൾ സ്വീകരിച്ച് വരുന്നു. എഞ്ചിനീയറിങ്, ഐ.റ്റി അധിഷ്ഠിത സാങ്കേതിക വിദ്യകൾ, മറ്റ് ആധുനിക സാങ്കേതിക വിദ്യകൾ, ആരോഗ്യ സംരക്ഷണം, വിനോദ സഞ്ചാര മാർക്കറ്റിംഗ്, കാർഷികം, തുടങ്ങിയ മേഖലയിൽ പരിജ്ഞാനവും താൽപ്പര്യമുള്ളതുമായ യുവതീ യുവാക്കൾക്ക് സംരംഭകത്വ തൊഴിൽ പരിശീലനം നൽകുന്ന പ്രവർത്തനങ്ങൾ ഈ പദ്ധതി മുഖേന ചെയ്തു വരുന്നു.**<br><br>**പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവജനങ്ങളെ ആധുനിക കാലത്തെ മികച്ച തൊഴിലുകളിൽ പ്രാവീണ്യമുള്ളവരും, സംരംഭകരുമാക്കി മാറ്റുന്നതിനായി സ്റ്റാർട്ടപ്പ് ഡ്രീംസ്, നൈപുണ്യ വികസന പരിശീലനങ്ങൾ, സ്വാശ്രയസംഘങ്ങൾക്കും വനിതാ സംഘങ്ങൾക്കും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി, സ്വയംതൊഴിൽ പദ്ധതി എന്നീ പദ്ധതികൾ പട്ടികജാതി വികസനവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.** |
| (ബി) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാസമ്പന്നരായ യുവജനങ്ങളെ സംരംഭകരും തൊഴിലുടമകളുമാക്കി മാറ്റുന്നതിനായി ഉന്നതി | (ബി) | **പട്ടികവർഗ വിഭാഗത്തിൽപ്പെട്ട സംരംഭകരെ കണ്ടെത്തി പ്രോൽസാഹിപ്പിക്കുന്നതിനും അവർ താൽപ്പര്യപ്പെടുന്ന സംരംഭകത്വ മേഖലയിൽ ആവശ്യമായ മാർഗദർശനം നൽകി അവരെ** |

| | | | |
|---|---|---|---|
| | എംപവർമെന്റ് സൊസൈറ്റി സമഗ്ര പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | | **വിജയത്തിലേയ്ക്ക് ഉയർത്തുന്നതിനായി ഉന്നതി എംപവർമെന്റ് സൊസൈറ്റി കേരള സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് സംരംഭകത്വ വികസന പരിപാടി എന്ന പേരിൽ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇത് കൂടാതെ കേരള നോളജ് ഇക്കോണമി മിഷൻ പട്ടിക വർഗ്ഗക്കാരായ തൊഴിൽ അന്വേഷകരെ കണ്ടെത്തി രജിസ്റ്റർ ചെയ്യിപ്പിച്ച് തൊഴിൽ അവസരങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. തൊഴിൽ ദാതാക്കൾക്ക് ജീവനക്കാരെ ആവശ്യമുള്ള മേഖലയിൽ തൊഴിൽ അന്വേഷകരെ കണ്ടെത്തി ആവശ്യമായതരത്തിൽ നൈപുണ്യ പരിശീലനം നൽകി പ്ലേസ്മെന്റ് ഒരുക്കുക എന്ന രീതിയിലാണ് പ്രവർത്തനങ്ങൾ. സംരംഭകത്വ മേഖലകളിൽ ഏർപ്പെടാൻ താല്പര്യപ്പെടുന്നവർക്കു സ്റ്റാർട്ടപ്പ് മിഷൻ മാർഗനിർദേശങ്ങളും പരിശീലനവും നല്കമെന്നുള്ളതിനാൽ അവർക്ക് കാര്യക്ഷമമായി പ്രവർത്തിക്കുവാനും അതുവഴി മികച്ച സംരംഭകരായി മാറുവാനും സാധിക്കുന്നതാണ്. പദ്ധതിയുടെ ഭാഗമായി ഇൻഫർമേഷൻ ടെക്നോളജി, ഇലക്ട്രോണിക്സ്, കൃഷി, വിനോദസഞ്ചാരം തുടങ്ങിയ മേഖലകളിൽ ഇൻക്യൂബേഷൻ സൗകര്യവും പിന്തുണയും ആവശ്യമായ ഘട്ടങ്ങളിൽ സ്റ്റാർട്ടപ്പ് മിഷൻ നൽകുന്നതാണ്. പദ്ധതി പ്രകാരം ആരംഭിക്കുന്ന സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് മികച്ച ബ്രാൻഡിങ്ങിലൂടെ വിപണനം ഉറപ്പാക്കുന്നതിനുള്ള നടപടികൾക്കുള്ള പിന്തുണ നൽകാനുള്ള വ്യവസ്ഥകൂടി സ്റ്റാർട്ട് അപ്പ് മിഷനുമായി ചേർന്ന് ചെയ്യാൻ ഉദ്ദേശിക്കുന്നു.** |
| (സി) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട യുവജനങ്ങൾക്ക് വിദ്യാഭ്യാസം, നൈപുണ്യ പരിശീലനം, തൊഴിൽ സംരംഭകത്വ അവസരങ്ങൾ എന്നിവ ഉറപ്പാക്കുന്നതിൽ ഉന്നതി എംപവർമെന്റ് സൊസൈറ്റി നടത്തിയ ഇടപെടലുകൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (സി) | **പട്ടികവർഗ വിഭാഗത്തിൽപ്പെട്ട സംരംഭകരെ കണ്ടെത്തി പ്രോൽസാഹിപ്പിക്കുന്നതിനും അവർ താൽപ്പര്യപ്പെടുന്ന സംരംഭകത്വ മേഖലയിൽ ആവശ്യമായ മാർഗദർശനം നൽകി അവരെ വിജയത്തിലേയ്ക്ക് ഉയർത്തുന്നതിനായി ഉന്നതി എംപവർമെന്റ് സൊസൈറ്റി കേരള സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് സംരംഭകത്വ വികസന പരിപാടി എന്ന പേരിൽ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇത് കൂടാതെ കേരള നോളജ് ഇക്കോണമി മിഷൻ പട്ടിക വർഗ്ഗക്കാരായ തൊഴിൽ അന്വേഷകരെ കണ്ടെത്തി രജിസ്റ്റർ ചെയ്യിപ്പിച്ച് തൊഴിൽ അവസരങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. തൊഴിൽ ദാതാക്കൾക്ക് ജീവനക്കാരെ ആവശ്യമുള്ള മേഖലയിൽ തൊഴിൽ അന്വേഷകരെ കണ്ടെത്തി ആവശ്യമായതരത്തിൽ നൈപുണ്യ പരിശീലനം നൽകി പ്ലേസ്മെന്റ് ഒരുക്കുക എന്ന രീതിയിലാണ് പ്രവർത്തനങ്ങൾ. സംരംഭകത്വ മേഖലകളിൽ ഏർപ്പെടാൻ താല്പര്യപ്പെടുന്നവർക്കു** |

| | | | |
|---|---|---|---|
| | | | സ്റ്റാർട്ടപ്പ് മിഷൻ മാർഗനിർദേശങ്ങളും പരിശീലനവും നല്കമെന്നുള്ളതിനാൽ അവർക്ക് കാര്യക്ഷമമായി പ്രവർത്തിക്കുവാനും അതുവഴി മികച്ച സംരംഭകരായി മാറുവാനും സാധിക്കുന്നതാണ്. പദ്ധതിയുടെ ഭാഗമായി ഇൻഫർമേഷൻ ടെക്നോളജി, ഇലക്ട്രോണിക്സ്, കൃഷി, വിനോദസഞ്ചാരം തുടങ്ങിയ മേഖലകളിൽ ഇൻകുബേഷൻ സൗകര്യവും പിന്തുണയും ആവശ്യമായ ഘട്ടങ്ങളിൽ സ്റ്റാർട്ടപ്പ് മിഷൻ നൽകുന്നതാണ്. പദ്ധതി പ്രകാരം ആരംഭിക്കുന്ന സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് മികച്ച ബ്രാൻഡിങ്ങിലൂടെ വിപണനം ഉറപ്പാക്കുന്നതിനുള്ള നടപടികൾക്കുള്ള പിന്തുണ നൽകാനുള്ള വ്യവസ്ഥകൂടി സ്റ്റാർട്ട് അപ്പ് മിഷനുമായി ചേർന്ന് ചെയ്യാൻ ഉദ്ദേശിക്കുന്നു. |
| (ഡി) | വിവിധ വികസന ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ പങ്കാളിത്തവും ഉൾക്കാഴ്ചയും ഉൾക്കൊള്ളിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ഡി) | കേരളത്തിലെ പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്കിടയിലെ സാമ്പത്തിക വളർച്ച, സാമൂഹിക ശാക്തീകരണം, വിദ്യാഭ്യാസം, മെച്ചപ്പെട്ട അടിസ്ഥാന ഭൗതിക സാഹചര്യങ്ങളുടെ ഉറപ്പാക്കൽ, കലാ-സാംസ്കാരിക-പൈതൃകങ്ങളുടെ ഉദ്ബോധനം പരിപോഷിപ്പിക്കൽ, ശുദ്ധജല ലഭ്യത, ആരോഗ്യപരമായ അന്തരീക്ഷം എന്നിവ ഉറപ്പുവരുത്തി പൊതു സമൂഹത്തിലേയ്ക്ക് അവരെ ഉയർത്തി പരാമർശിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസരംഗത്ത് നഴ്സറിതലം മുതൽ പൈലറ്റ് പരിശീലന കോഴ്സുകളിൽ വരെ പഠനസഹായം ഉറപ്പു വരുത്തുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പ്രീ-പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, ഐടിഐകൾ, നഴ്സറി സ്കൂളുകൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, സാമൂഹ്യപഠനമുറി, സ്കോളർഷിപ്പ് തുടങ്ങി വിദ്യാഭ്യാസപ്രവർത്തനത്തെ ത്വരിതപ്പെടുത്തുന്ന നിരവധി സ്ഥാപനങ്ങൾ നിലവിലുണ്ട്. സാമൂഹ്യപഠനമുറി, സ്കോളർഷിപ്പ്, ഹോസ്റ്റൽ സൗകര്യം, എൻട്രൻസ് പരിശീലനം, ലാപ്ടോപ്പ്, പാരലൽ കോളേജിലെ പഠനസഹായം, സിവിൽ സർവ്വീസ് പരിശീലനം, മത്സരപരീക്ഷാ പരിശീലനം, വിദേശ പഠന സ്കോളർഷിപ്പ്, അഭിഭാഷക പരിശീലനം, ട്രേസ്-(TRACE) തുടങ്ങിയവ വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികളിൽ ഉൾപ്പെടുന്നു.<br><br>സാമ്പത്തിക ഉന്നമനത്തിനായി വിവിധ തൊഴിൽ പരിശീലനങ്ങൾ, സംരംഭകത്വം ആരംഭിക്കുന്നതിനുള്ള ധനസഹായങ്ങൾ, ഉൽപന്ന പ്രദർശന വിപണന മേളകൾ, ട്രൈബൽ പ്ലാൻ പദ്ധതി, വിവാഹധന |

| | | | |
|---|---|---|---|
| | | | **സഹായം, മിശ്രവിവാഹിതർക്ക് ധനസഹായം, ചികിത്സാധനസഹായം, ഏകവരുമാനദായകൻ അന്തരിച്ച കുടുംബത്തിനുള്ള ധനസഹായം തുടങ്ങി വ്യത്യസ്തമായ സാമൂഹ്യ ക്ഷേമപദ്ധതികളും നടപ്പാക്കി വരുന്നു. സാംസ്കാരിക മേഖലയിലെ ഉണർവ്വിനായി നടപ്പിലാക്കുന്ന നാടൻ കലാമേളയായ ഗദ്ദിക, സർഗ്ഗോത്സവം, കളിക്കളം തുടങ്ങിയവ പൊതുസമൂഹത്തിലാകെ ശ്രദ്ധേയമാണ്.** |

സെക്ഷൻ ഓഫീസർ